കെ.സി ജലീൽ പുളിക്കൽ

# നിസ്സംഗത വെടിയുക

عَنْ عَلي رَضِيَ اللَّه عَنْهُ ، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّم، طَرَقَهُ وَفَاطِمَةَ لَيلاً، فَقَالَ: أَلاَ تُصَلِّيَانِ؟ (بُخَارِى مُسْلِم).

**അലി(റ)യിൽനിന്ന് നിവേദനം: ഒരു ദിവസം രാത്രി നബി(സ) ഞങ്ങളുടെ വാതിൽക്കൽ മുട്ടി, എന്നോടും ഫാത്വിമയോടും പറഞ്ഞു: 'നിങ്ങൾ നമസ്കരിക്കുന്നില്ലേ?' (ബുഖാരി, മുസ്‌ലിം).**

ഈ പ്രവാചക വചനത്തിൽ രണ്ട് സുപ്രധാന കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. ഇസ്‌ലാമിക പ്രവർത്തകരുടെ തർബിയത്തിൽ രണ്ടും പ്രാധാന്യമുള്ളവയാണ്. രാത്രി ഉറങ്ങിക്കിടക്കുന്നവരെ വിളിച്ചുണർത്തി പറയുന്ന കാര്യം സുപ്രധാനമായിരിക്കുമല്ലോ, പ്രവാചകൻ പറയുമ്പോൾ വിശേഷിച്ചും. രാത്രി എഴുന്നേറ്റുള്ള നമസ്കാരം, അതാണ് ആ സുപ്രധാന കാര്യം.

രാത്രി നമസ്കാരം എന്ന് കേൾക്കുമ്പോൾ, ഉറക്കമിളച്ച ദീർഘമായ നമസ്കാരം എന്ന ചിത്രമാണ് മനസ്സിലുദിക്കുക. അതിനാൽ ഈ നമസ്കാരം അപൂർവം ചിലർക്ക് ബാധകമാണെന്ന ധാരണയും പൊതുവിലുണ്ട്. ഈ ധാരണ തിരുത്താൻ ഖുർആനിലെ *മുസ്സമ്മിൽ* അധ്യായത്തിലെ അവസാന സൂക്തം വായിച്ചാൽ മതി: ''നിങ്ങളിൽ ചിലർ രോഗികളും വേറെ ചിലർ അല്ലാഹുവിന്റെ അനുഗ്രഹം തേടി ഭൂമിയിൽ സഞ്ചരിക്കുന്നവരും ഇനിയും ചിലർ ദൈവമാർഗത്തിൽ സമരം ചെയ്യുന്നവരുമായുണ്ടാകുമെന്ന് അല്ലാഹുവിനറിയാം. അതിനാൽ ഖുർആനിൽനിന്ന് അനായാസം ഓതാനാകുന്നത് ഓതി സാധിക്കുന്നത്ര നമസ്കരിക്കാം.''അപ്പോൾ, ഓരോരുത്തരുടെയും സൗകര്യവും ചുറ്റുപാടും പരിഗണിച്ച് ചുരുങ്ങിയ സമയമെങ്കിലും നമസ്കരിക്കണമെന്നാണ് ഈ ഖുർആൻ വചനം നിർദേശിക്കുന്നത്. ആരോഗ്യസംരക്ഷണവും കുടുംബത്തോടുള്ള ബാധ്യതയും മറന്ന് രാത്രിനമസ്കാരത്തിലേർപ്പെടുന്നതിനെ പ്രവാചകൻ ശക്തിയായി നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്.

'നേരത്തേ ഉറങ്ങണം' എന്ന പ്രവാചക നിർദേശം പാലിച്ചാൽ ഇത് പ്രയാസരഹിതമായി ആർക്കും നിർവഹിക്കാവുന്നതേയുള്ളൂ. ഇതുപോലും നിർവഹിക്കാതെ ഉറങ്ങുന്നതിലുള്ള നീരസം കൂടി ഈ പ്രവാചകാധ്യാപനത്തിൽനിന്ന് വായിച്ചെടുക്കാം.

ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. തുടർന്നുകൊണ്ടുപോകാൻ കഴിയുന്ന ലളിതമായ സുന്നത്തുകളാണല്ലോ പതിവാക്കേണ്ടത്. രാത്രിനമസ്കാരത്തിന്റെ കാര്യത്തിലും അങ്ങനെത്തന്നെ. പ്രവാചകൻ(സ) പറഞ്ഞു: ''......രാത്രി നമസ്കാരത്തിന് എഴുന്നേറ്റുകൊണ്ടിരുന്നയാൾ പിന്നീടത് ഉപേക്ഷിച്ചു. ഇങ്ങനെ നീ ചെയ്യരുത്'' (ബുഖാരി, മുസ്‌ലിം). വ്യക്തിസംസ്കരണവും ദൈവസാമീപ്യവും നേടിയെടുക്കുന്നതിൽ സുപ്രധാന പങ്കുള്ള രാത്രിനമസ്കാരം ഇസ്‌ലാമിക പ്രബോധകർക്ക് ക്ഷമയും സ്ഥൈര്യവും നൽകുന്നതിൽ നിർണായക പങ്കുവഹിക്കുമെന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

ഈ പ്രവാചകാധ്യാപനത്തിൽനിന്ന് ഉൾക്കൊള്ളേണ്ട രണ്ടാമത്തെ കാര്യവും സുപ്രധാനമാണ്. സ്വന്തം കുടുംബത്തെയും ബന്ധുക്കളെയും തർബിയത്ത് കൊടുത്ത് വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവുമാണത്. പ്രവാചകപുത്രി ഫാത്വിമ, ഫാത്വിമയുടെ ഭർത്താവ് അലി (പ്രവാചകന്റെ പിതൃവ്യപുത്രൻ കൂടിയാണ് അലി). മകളെയും മരുമകനെയും വിളിച്ചുണർത്തി രാത്രിനമസ്കാരം നിർവഹിക്കുന്നില്ലേ എന്നാണ് അന്വേഷിക്കുന്നത്. നമുക്കിങ്ങനെ ചെയ്യാനാകുമോ? ഒരുതരം സങ്കോചം. ഈ സങ്കോചം അനുചിതം മാത്രമല്ല, അപകടം കൂടിയാണ്. എന്നാൽ വീട്, സമ്പത്ത്, ജോലി, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിലൊക്കെ കുടുംബങ്ങളൊന്നിച്ചിരുന്നു ചർച്ച നടത്തും. വേണ്ടപ്പോൾ സജീവമായി ഇടപെടും.

ഖുർആൻ പറയുന്നു: ''വിശ്വാസികളേ, നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നരകാഗ്നിയിൽനിന്ന് കാത്തുകൊള്ളുക. അതിലെ ഇന്ധനം തന്നെ മനുഷ്യരും ശിലകളുമാണ്. അതിന്റെ മേൽനോട്ടത്തിന് പരുഷ പ്രകൃതരും അതിശക്തരും കഠിനരുമായ മലക്കുകളാണുള്ളത്. ദൈവാജ്ഞയെ അവരൊരിക്കലും ധിക്കരിക്കുകയില്ല. അവരോട് കൽപിക്കപ്പെട്ടത് (ദയാദാക്ഷിണ്യമില്ലാതെ) അതേപടി നടപ്പാക്കുന്നു'' (*അത്തഹ്‌രീം* 7).

സ്വന്തം മക്കളും കുടുംബവും സ്വന്തക്കാരുമൊക്കെ ശാശ്വത നരകത്തിലേക്ക് നടന്നടുക്കുന്നത് നമുക്ക് നിസ്സംഗരായി നോക്കിനിൽക്കാനാകുമോ? ഇല്ലെങ്കിൽ നാം പുലർത്തുന്ന നിസ്സംഗത അവസാനിപ്പിക്കുക; പ്രവാചകചര്യ നടപ്പാക്കാൻ ആവുന്നത്ര ശ്രമിക്കുക. ●